# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 710** **29/11/2018-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കിംഗ് രംഗത്തെ പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, എൽദോ എബ്രഹാം**<br>**,, മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ബാങ്കിംഗ് മേഖലയിൽ സഹകരണ മേഖലയുടെ പങ്ക് വിശദമാക്കുമോ; | (എ) | കേരളത്തിൽ 1949 -ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിലും റിസർവ് ബാങ്ക് ലൈസൻസോടു കൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക് 14 ജില്ലാ സഹകരണ ബാങ്കുകൾ 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600 ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000 ലധികം വരുന്ന ശാഖകളും നാടിന്റെ നാനാ ഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്ക് വഹിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സഹകരണ പ്രസ്ഥാനം എന്ന ആശയം കേരളത്തിൽ പ്രബലമാകുന്നതിൽ നവോത്ഥാന നായകന്മാരുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് സമഗ്രമായ വിലയിരുത്തലുകൾ നടന്നിട്ടുള്ളതായി കാണുന്നില്ല. ഏഷ്യയിലെ തന്നെ ഏറ്റവും വലുതെന്നു പറയാവുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കപ്പെട്ടത് നവോത്ഥാന നായകനായ വാഗ്ഭടാനന്ദ ഗുരുദേവന്റെ നേതൃത്വത്തിലാണ്. |
| (സി) | സഹകരണ ബാങ്കിംഗ് മേഖലയുടെ വിജയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കുമോ; | (സി) | പ്രൈമറി തലം മുതൽ സംസ്ഥാന തലം വരെയുള്ള വിപുലമായ സഹകരണ ബാങ്കിംഗ് ശൃംഖല, പ്രൈമറി തലത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, അർബൻ ബാങ്കുകളും ജില്ലാ തലത്തിൽ ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ ബാങ്കും, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കും മറ്റ് കൊമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന എല്ലാ അതിനൂതന ബാങ്കിംഗ് സേവനങ്ങളും കുറ്റമറ്റ രീതിയിൽ നൽകി വരുന്നതും, ലളിതമായ വായ്പാ നടപടി ക്രമങ്ങളും, വിജയകരമായി നടപ്പിലാക്കി വരുന്ന കുടിശ്ശിക നിവാരണ പദ്ധതികളും, നിക്ഷേപങ്ങൾക്ക് നൽകുന്ന നിക്ഷേപ ഗ്യാരന്റി സ്കീമുകളും അറ്റ ലാഭ വിഭജനത്തിലൂടെ അംഗങ്ങൾക്ക് നൽകി വരുന്ന ലാഭ വിഹിതവും, കടാശ്വാസ കമ്മീഷനുകൾ, റിസ്ക് ഫണ്ട് സ്കീമുകൾ എന്നിവയിലൂടെ നൽകുന്ന ആശ്വാസ പദ്ധതികൾ, സഹകരണ മേഖലയിലെ സർക്കാർ ഓഹരി പങ്കാളിത്തം, വായ്പാ നിക്ഷേപ പലിശ നിരക്കുകളിലെ സർക്കാർ ഇടപെടലുകൾ, സഹകരണ ബാങ്കുകളിലെ സർക്കാരിന്റെ വാർഷിക കണക്ക് പരിശോധനയും ഇൻസ്പെക്ഷൻ എന്നിവയിലൂടെ ആർജ്ജിച്ച ജനങ്ങളുടെ വിശ്വാസവും സർക്കാർ പദ്ധതി വിഹിതം ചെലവഴിച്ച് സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ വഴി നടപ്പിലാക്കുന്ന വിദ്യാഭ്യാസ ആരോഗ്യ സാമ്പത്തിക സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികളും കേരള ത്തിലെ സഹകരണ മേഖലയുടെ വിജയത്തിന് കാരണമാണ്. |
| (ഡി) | കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാനാകില്ല എന്ന റിസർവ് ബാങ്ക് നിർദ്ദേശം സഹകരണ ബാങ്കിംഗ് രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുമോ, വ്യക്തമാക്കുമോ? | (ഡി) | കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാനാകില്ല എന്ന റിസർവ്വ് ബാങ്ക് നിർദ്ദേശം സഹകരണ ബാങ്കിംഗ് രംഗത്ത് പുതുതായി പ്രതിസന്ധികളൊന്നും സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ